**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2290 — 19/07/2016 -ൽ മറുപടിയ്ക്ക്

# സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള കൃഷി

**ചോദ്യം** — **മറുപടി**

**ശ്രീ.രാജു എബ്രഹാം**

**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) സംസ്ഥാനത്തെ സ്കൂളുകൾ കേന്ദ്രീകരിച്ച്, കാർഷിക വിഭവങ്ങളുടെ ഉത്പാദനത്തിലും ജൈവ പച്ചക്കറി ഉത്പാദനത്തിലും വിദ്യാർത്ഥികൾക്ക് പരിചയം സിദ്ധിക്കുംവിധം ഒരു പദ്ധതി തയ്യാറാക്കി നടപ്പാക്കാൻ മുൻകൈ എടുക്കുമോ;

എ) സ്കൂളുകളിൽ കുട്ടികളെ പങ്കാളികളാക്കിക്കൊണ്ട് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ജൈവ പച്ചക്കറി ഉല്പാദനത്തിൽ വിദ്യാർത്ഥികൾക്ക് പരിചയം സിദ്ധിക്കുന്നതിനുമായി സംസ്ഥാനത്തെ കൃഷിഭവനുകൾ മുഖേന കുറഞ്ഞത് 10 സെന്റ് എങ്കിലും കൃഷിയോഗ്യമായ ഭൂമി ഉള്ള സ്കൂളുകളുടെ വളപ്പുകളിൽ ഒരു അദ്ധ്യാപകന്റെ നേതൃത്വത്തിൽ 20-25 വിദ്യാർത്ഥികൾ അടങ്ങുന്ന കാർഷിക ക്ലബ്ബ് രൂപീകരിച്ച് വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ വിദ്യാലയങ്ങളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി ഒരു പാഠ്യ വിഷയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ തലത്തിലും സംസ്ഥാനതലത്തിലുമായി പച്ചക്കറി കൃഷിയിൽ മികച്ച വിദ്യാർത്ഥി, അധ്യാപകൻ, പ്രധാന അധ്യാപകൻ, സ്കൂൾ എന്നിങ്ങനെ നാലു വിഭാഗങ്ങളിലായി ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് എല്ലാ വർഷവും അവാർഡുകളും നൽകി വരുന്നു. ഇത് വഴി വിദ്യാർത്ഥികളിൽ കൃഷിയെക്കുറിച്ച് അവബോധവും, കൃഷിയിൽ പ്രായോഗിക പരിചയവും ഉണ്ടാകുന്നതാണ്.

ബി) മുൻപ് സ്കൂളുകളിൽ ഉണ്ടായിരുന്ന യംഗ് ഫാർമേഴ്സ് ക്ലബ്ബുകളുടെ മാതൃകയിൽ ഇതിനായി പ്രത്യേക സ്കീം തയ്യാറാക്കുകയും സ്കൂളുകളുടെ പരിസരങ്ങളിൽ പി.ടി.എ യുടെ കൂടി സഹകരണത്തോടെ ഈ പദ്ധതി നടപ്പാക്കുകയും ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ബി) ഈ വർഷം മുതൽ കാർഷിക ക്ലബ്ബ്, പിടി.എ, സ്കൂൾ മനേജ്മെന്റ് എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**